കൊയിലാണ്ടിയിലെ കർഷകർക്ക് അനുവദിച്ച ലോൺ

116 (456) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന കാർഷിക വികസന പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷം കൊയിലാണ്ടിയിൽ എത്ര കർഷകർക്ക് എത്ര രൂപ വീതം അനുവദിച്ചു എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ലോൺ ഏതെല്ലാം മേഖലകളിലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കാർഷിക വികസന പദ്ധതികൾക്കായി, കൊയിലാണ്ടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന, 2013-14 സാമ്പത്തിക വർഷം 1145 കർഷകർക്കായി 662.06 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിശദ വിവരം ചുവടെ ചേർക്കുന്നു :

വായ്പാ പദ്ധതി	വായ്പാ തുക (ലക്ഷത്തിൽ)	കർഷകരുടെ എണ്ണം
(1)	(2)	(3)
സാധാരണ വായ്പ	28.55	45
ചെറുകിട ജലസേചനം	24.45	58
ഭൂവികസനം	117.62	196
പ്ലാന്റേഷൻ ഹോർട്ടികൾച്ചർ	125.89	196
കോഴി വളർത്തൽ	2.80	1
ആട്-പന്നി വളർത്തൽ	9.82	5
ഇരുചക്ര വാഹന വായ്പ	0.46	1
ഹ്രസ്വകാല വായ്പ	6.15	6
സ്വർണ്ണ പണയം	346.32	637
ആകെ	662.06	1145

LIBRARY ARCHIVES Kerala Legislative Assembly